**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2070** **12-09-2023 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ കളിസ്ഥലങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരം ചാത്തന്നൂർ മണ്ഡലത്തിൽ തെരഞ്ഞെടുത്തിട്ടുള്ള ചിറക്കര ഗവ. ഹൈസ്കൂൾ കളിസ്ഥലത്തിന്റെ നവീകരണ പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി അറിയിക്കാമോ; | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ചിറക്കര ജി.എച്ച്.എസ്.എസിലെ കളിസ്ഥലം നിർമ്മാണത്തിനായി 50 ലക്ഷം രൂപ എം.എൽ.എ ഫണ്ടും 2022-23 സാമ്പത്തികവർഷത്തിലെ ബജറ്റിൽ നിന്നും 50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. സാങ്കേതികാനുമതി നൽകി ടി പ്രവൃത്തിക്കായി ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറുകാരൻ കരാറിൽ ഏർപ്പെടുകയും ചെയ്തു.<br>പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ 6% വും, എം.എൽ.എ ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ 35% വും, പൂർത്തീകരിച്ചു. പ്രസ്തുത പ്രവൃത്തി 30.10.2023-ഓടെ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ചാത്തന്നൂർ മണ്ഡലത്തിലെ കളിസ്ഥലങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി 2023-24 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ അഞ്ച് കോടി രൂപ വകയിരുത്തിയതു പ്രകാരം പ്രസ്തുത പദ്ധതിക്കായി തെരെഞ്ഞെടുത്ത കളിസ്ഥലങ്ങളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (ബി) | 2023-24 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയതു പ്രകാരം ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ 5 കളിസ്ഥലങ്ങളുടെ എസ്റ്റിമേറ്റ് 02.08.2023-ന് കൂടിയ എ.എസ് കമ്മിറ്റി അംഗീകരിക്കുകയും 26.08.2023-ലെ ജി.ഒ.(ആർ.ടി)നം.251/2023/കാ.യു.വ പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 5 കളിസ്ഥലങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. ടി പ്രവൃത്തികൾക്കായുള്ള സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി ഉടൻ ദർഘാസ് ക്ഷണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക |
|---|---|---|
| 1. | കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് എച്ച്. എസ്.എസ്. ഗ്രൗണ്ട് | 1,97,00,000/- രൂപ |
| 2. | എം.സി. പുരം ഗ്രൗണ്ട്, ചിറക്കര ഗ്രാമപഞ്ചായത്ത് | 30,66,000/- രൂപ |
| 3. | മീനാട് നേതാജി സ്മാരക നിലയം ഗ്രൗണ്ട് | 40,36,000/- രൂപ |
| 4. | ഭൂതക്കുളം ഗ്രാമപഞ്ചായത്ത് മിനി സ്റ്റേഡിയം | 1,13,80,000/- രൂപ |
| 5. | തെക്കുംഭാഗം ജി.എച്ച്.എസ്.എസ്. ഗ്രൗണ്ട്, പരവൂർ | 1,18,18,000/- രൂപ |

Rajeeb Pillai

**സെക്ഷൻ ഓഫീസർ**